കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ എൽ എം .പി-2/2238/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 17/12/2024
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ എൽ എം .പി-2/2238/24 തീയ്യതി: 17/12/2024

കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-09-2023 മുതൽ 30-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സജികുമാർ ജി	ഡെപ്യൂട്ടി ഡയറക്ടർ	05-12-2024	13-12-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
05-12-2024	13-12-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു റ്റി, ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജൂഡിറ്റ് വർഗ്ഗീസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രശ്മി വി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.തങ്കച്ചി പ്രഭാകരൻ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ. പ്രേംശങ്കർ എസ്.	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രി.ജോഗ്ലിൻ ക്രിസ്റ്റി	അസി.സെക്രട്ടറി	01-04-2023	31-03-2024
ശ്രീമതി ഷിജിന.എൻ	അഗ്രികൾച്ചർ ഓഫീസർ	01-04-2023	31-03-2024
ഡോ.ബുഷ്റ റ്റി.	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	01-04-2023	30-06-2023
ഡോ.സാബു വി.എസ്.	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	01-07-2023	31-03-2024

ഡോ.സഫീന ഇബ്രാഹിം	മെഡിക്കൽ ഓഫീസർ-ആയൂർവേദം	01-04-2023	23-08-2023
ഡോ.റോഷ്നി സി.	മെഡിക്കൽ ഓഫീസർ-ആയൂർവേദം	24-08-2023	31-03-2024
ഡോ.സ്മിത ആർ.എസ്.	മെഡിക്കൽ ഓഫീസർ-ഹോമിയോ	01-04-2023	31-03-2024
ഡോ.ബിജി.എ.ജെ	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ശ്രീമതി നിഷ എം.	ഐ.സി.ഡി.എസ് സുപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി കൃഷ്ണകുമാരി	ഹെഡ്മിസ്ട്രസ്	01-04-2023	31-03-2024
ശ്രീമതി കലാരഞ്ജിനി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ശ്രീമതി ഇന്ദു എൽ.ആർ.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീ.പോൾ രാജൻ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ശ്രീമതി ഇന്ദു എൽ.ആർ.	അസിസ്റ്റന്റ് എഞ്ചിനീയർ(എം.ജി.എൻ.ആർ.ഇ.ജി.എസ്.,ചാർജ്ജ്	01-04-2023	20-09-2023
ശ്രീമതി ആയിഷ എ.	അക്രഡിറ്റഡ് എഞ്ചിനിയർ	21-09-2023	31-03-2024
ശ്രീ.വരദരാജൻ	വി. ഇ. ഒ.	01-04-2023	19-07-2023
ശ്രീ.സുഭാഷ് എസ്.	വി. ഇ .ഒ.	14-08-2023	31-03-2024
ശ്രീമതി റഷീദാബീവി	വി. ഇ. ഒ.	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല	1-1.1
3	ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും, മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല	1-1.2
4	CFC നീക്കിയിരുപ്പ് തുക ബാങ്ക് നീക്കിയിരുപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല	1-1.3
5	INVESTMENT -500/-രൂപ വിശദാംശം ലഭ്യമാക്കിയില്ല	1-1.4
6	ബെനിഫിഷറി കോൺട്രിബ്യൂഷൻ-ബാധ്യത നിലനിൽക്കുന്നു	1-1.5
7	ലോൺ തിരിച്ചടവ് -വ്യത്യാസം നിലനിൽക്കുന്നു	1-1.6
8	രജിസ്റ്ററിലെ തുകയും വാർഷികകണക്കിലെ തുകയും പൊരുത്തപ്പെടുന്നില്ല	1-1.7
9	കെട്ടിട നികുതി- സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല	1-1.8
10	CFC ചെലവ് തുക-സുലേഖചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല	1-1.9
11	ബജറ്റ്	1-2
12	സാമ്പത്തിക വിശകലനം	1-3
13	ഫണ്ട് വിനിയോഗം	1-4
14	പദ്ധതി അവലോകനം	1-5
15	തൊഴിലുറപ്പ് പദ്ധതി	1-6
16	ക്ഷേമ പദ്ധതികൾ	1-7
17	ക്യാഷ് പരിശോധന	1-8
18	ആഭ്യന്തരനിയന്ത്രണം	1-9
19	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
20	പ്രാഥമിക മേഖലയിലെ കെട്ടിടങ്ങളെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10% നികുതി ഇളവ് അനുവദിച്ചു.	1-11
21	വസ്തു നികുതി തെറ്റായി നിർണ്ണയിച്ചു	1-12
22	വസ്തുനികുതി പരിഷ്ക്കരണം പുരോഗതി സംബന്ധിച്ച്	1-13
23	വാടക കുടിശ്ശിക നിലനിൽക്കുന്നു	1-14
24	തൊഴിൽ നികുതി ഈടാക്കിയില്ല	1-15
25	സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി വാടകയിൽ ഇളവ് നൽകി	1-16
26	ഭവന പുനരുദ്ധാരണം- പണി പൂർത്തീകരിച്ചില്ല	1-17
27	ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല	1-18
28	തെരുവുനായ്ക്കളുടെ പേവിഷ പ്രതിരോധ കുത്തിവയ്പ്പ് -ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ -തുക ചെലവഴിച്ചിട്ടില്ല	1-19
29	വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു	1-20
30	വെള്ളക്കര കുടിശ്ശിക ഗ്രാമപഞ്ചായത്തിന് ബാദ്ധ്യതയാകുന്നു.	1-21
31	സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം- നിലവിൽ സംരംഭം പ്രവർത്തിക്കുന്നില്ല.	1-22
32	മഴക്കാലപൂർവശുചീകരണം-തുക തിരിച്ചടവാക്കിയില്ല	1-23
33	സ്വകാര്യവ്യക്തികളുടെ പറമ്പിലെ മരംമുറിച്ച് മാറ്റൽ- തുക ഈടാക്കിയില്ല	1-24
34	മരുന്നുകൾ ലഭ്യമായില്ല	1-25
35	ജീവനം പദ്ധതി-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല	1-26
36	എസ്.സി.പി പാലിയേറ്റീവ് പദ്ധതി-നടപടിക്രമങ്ങൾ സുതാര്യമാക്കണം	1-27
37	യു പി എസ്,എൽ പി എസ് അനുബന്ധ ചെലവ് - സർക്കാർ ഉത്തരവിന് വിരുദ്ധമായി മുൻകൂർ തുക മാറി നൽകുന്നു	1-28
38	നടയ്ക്കാവ് മാർക്കറ്റിൽ തുമ്പൂർമുഴി- പ്രവർത്തനം ആരംഭിച്ചില്ല	1-29
39	കാലി ബാരലുകളുടെ വില ഈടാക്കതെ കരാറുകാരന് തുക അനുവദിച്ചു--ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക ഒടുക്കി	1-30
40	ഹരിതകർമ്മസേന പ്രവർത്തനാവലോകനം	1-31
	ഭാഗം 2	
	--- No Records Found ---	

ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം.	4-10
11	തീർപ്പാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധ പത്രികകൾ	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

1. തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും, 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 18/06/2024 ലെ (I) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 21/06/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും, ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെകേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും, 31.03.2024 ലെ സാമ്പത്തിക നിലയുടെയും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൊല്ലം
തീയതി : 17-12-2024

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

1-1.1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനൊപ്പം ഉൾപ്പെട്ടിട്ടില്ല.

1-1.2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും, മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = 1,24,81,306/-രൂപ
മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40 A-40 B) =1,41,33,977/-രൂപ

1-1.3 CFC നീക്കിയിരുപ്പ് തുക ബാങ്ക് നീക്കിയിരുപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല

CFC ഫണ്ടിന്റെ നീക്കിയിരുപ്പ് RP 40(B) പ്രകാരം 14,57,613/- രൂപ
B-4 പ്രകാരമുള്ള നീക്കിയിരുപ്പ് തുക-14,45,405/- വ്യത്യാസം-12,208/-രൂപ

1-1.4 INVESTMENT -500/-രൂപ വിശദാംശം ലഭ്യമാക്കിയില്ല

ബാലൻസ് ഷീറ്റ് ബി-12ൽ INVESTMENT– തുകയായി 500/-രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശം ലഭ്യമാക്കിയില്ല

1-1.5 ബെനിഫിഷറി കോൺട്രിബ്യൂഷൻ-ബാധ്യത നിലനിൽക്കുന്നു

ബാലൻസ് ഷീറ്റിൽ ബെനിഫിഷറി കോൺട്രിബ്യൂഷൻ ആയി ഉൾപ്പെടുത്തിയ 73,701/-രൂപയുടെ വിശദാംശം ലഭ്യമാക്കിയില്ല

1-1.6 ലോൺ തിരിച്ചടവ് -വ്യത്യാസം നിലനിൽക്കുന്നു

ബാലൻസ് ഷീറ്റിൽ SECURED LOANS ഇനത്തിൽ ബാലൻ സ് തുക-AFS പ്രകാരം -3,67,74,006/-രൂപ.
22-23 ലെ ലോൺ ഇനത്തിൽ തിരിച്ചടച്ചതിനു ശേഷം ബാക്കി നിൽക്കുന്ന തുക-2,55,78,971/-രൂപ.
തൻവർഷം വായ്പതുകയായ 1,40,46,705/-രൂപയിൽ നിന്ന് തിരിച്ചടച്ച തുക 28,51,665/-രൂപ കഴിഞ്ഞാൽ ബാലൻസ് വരുന്ന തുക- 3,67,74,011/-രൂപ.
5/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

1-1.7 രജിസ്റ്ററിലെ തുകയും വാർഷികകണക്കിലെ തുകയും പൊരുത്തപ്പെടുന്നില്ല

ഇലക്ഷൻ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ബാലൻസ് -21,000/-രൂപ
വാർഷിക കണക്ക് പ്രകാരം -20,000/-രൂപ
വാടക തൻവർഷ വരവ് രജിസ്റ്റർ പ്രകാരം-8,14,392/-രൂപ
AFS പ്രകാരം-7,99,692/-രൂപ

1-1.8 കെട്ടിട നികുതി- സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല

നോൺ റസിഡൻഷ്യൽ ഡിമാൻ തുക സഞ്ചയ തുകയുമായി പൊരുത്തപ്പെടുന്നില്ല.

1-1.9 CFC ചെലവ് തുക-സുലേഖചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല

AFS പ്രകാരമുള്ള CFC ചെലവ് തുക-27,12,961/-രൂപ.
സുലേഖ പ്രകാരമുള്ള ചെലവ് തുക-27,12,489/-രൂപ.

1-2 ബജറ്റ്

2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 22.03.2023-ാം തീയതിയിലെ 1-ാം നം. തീരുമാന പ്രകാരവും, പരിഷ്ക്കരിച്ച ബജറ്റ് 09.02.2024-ാം തീയതിയിലെ 1(1)-ാം നം. തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	94,09,334/-രൂപ
വരവ്	4,33,70,502/-രൂപ
ആകെ	5,27,79,836/-രൂപ
ചെലവ്	3,86,45,859/-രൂപ
നീക്കിയിരിപ്പ്	1,41,33,977/-രൂപ
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/നിരാകരിക്കുന്ന തുക	ഇല്ല
തടസ്സപ്പെടുത്തിയ തുക	3,94,000/-രൂപ

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല

1-4 ഫണ്ട് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ്/ ലാപ്സായ തുക ₹
വികസനഫണ്ട് (ജനറൽ)	0	12640000/-	12640000/-	11957723/-	682277/-
വികസനഫണ്ട് (എസ്.സി.പി)	0	3713000/-	3713000/-	3237364/-	475636/-
വികസനഫണ്ട് (റ്റി.എസ്.പി)	0	0	0	0	0
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) Bank	295091/-	1569500/-	1864591/-	1569500/-	295091/-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied)bank	153273/-	2140502/- (209300+47502)	2293775/-	1143461/-	1150314/-
മെയിന്റനൻസ് ഫണ്ട് (റോഡ്)	0	6134650/-	6134650/-	1333335/-	4801315/-

മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)	0	2768000/-	2768000/-	2681650/-	86350/-

സംസ്ഥാനാവിഷ്കൃത ഗ്രാന്റ്					
ലൈഫ് മിഷൻ - സംസ്ഥാന വിഹിതം	1102184/-	3800000/-	4902184/-	3940000/-	962184/-
ശുചിത്വമിഷൻ ഗ്രാന്റ്	0	1,30,000/-	1,30,000/-	1,30,000/-	0
സാക്ഷരത	0	5768/-	5768/-	5768	0
എസ്.എസ്.എ.	85094/-	2859/-	87953/-	0	87953/-
റ്റി.എസ്.സി.	58861/-		58861/-	0	58861/-
കേന്ദ്രാവിഷ്കൃത ഗ്രാന്റ്					
ICDS	2806936/-	1222318/-	4029254/-	1381296/-	2647958/-
MNREGS ഭരണചെലവുകൾ	0	892123/-	892123/-	890152/-	1971/-
Health Grant PHC Infrastructure	265,055/-	754152/-	1019207/-	719306/-	299901/-
Health Grant Subcentre	99460/-	327404/-	426864/-	183014/-	243850/-
NABARD	13,30,000/-	13,30,000/-	13,30,000/-	350500/-	979500/-
Biodiversity	278674/-	6873/-	285547/-	32000/-	253547/-
Clean Kerala	36902/-	217267/-	254169/-	215193/-	38976/-
ശുചിത്വ മിഷൻ ഗ്രാന്റ്	883478/-	883478/-	883478/-	700617/-	182861/-
സോളിഡ് വേസ്റ്റ് മാനേജ്മെന്റ്	67189/-	-	67189/-	-	67189/-
Covid	331313/-	0	331313/-	649/-	330664/-

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

അംഗീകാരം ലഭിച്ചത്	പദ്ധതി അടങ്കൽ (₹)	നടപ്പിലാക്കിയത്	പദ്ധതി ചെലവ് (₹)	ഭാഗികമായി നടപ്പാക്കിയത്	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
157	13,89,24,012/-	140	4,36,12,224/-		17	89%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരുപ്പ് ₹
ഭരണചെലവുകൾ	0	8,92,123/-	8,92,123/-	8,90,152/-	1,971 /-
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	3,25,28,723/-	3,25,28,723/-	3,25,28,723/-	0
ആകെ	0	3,34,20,846/-	3,34,20,846/-	3,34,18,875/-	1,971/-

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹
കർഷക തൊഴിലാളി പെൻഷൻ	8,81,600/-
വിധവാപെൻഷൻ	77,34,700/-
വാർദ്ധക്യകാല പെൻഷൻ	1,08,12,500/-
വികലാംഗ പെൻഷൻ	30,53,800/-
50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	1,64,800/-
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	90,000/-

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.12.2024 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,943/-രൂപ ക്യാഷ് ബാലൻസ്/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.
കേരളാ പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ ഫ്രണ്ട് ഓഫീസ് വരവുകളും പ്രിന്റഡ് രസീതി നൽകിയാണ്

സ്വീകരിക്കുന്നത്. പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. ILGMS സോഫ്റ്റ്വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്. മേൽചട്ടങ്ങളുടെ 29-ാം വകുപ്പിൽ പ്രതിപാദിക്കും പ്രകാരം ചെലവുകൾ അധികാരപ്പെടുത്തി വൗച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. ചെക്കായി നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുകയും കൃത്യമായി ബാങ്കിൽ നൽകി അക്കൗണ്ടിൽ ക്രഡിറ്റ് ആക്കുകയും ചെയ്യുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യ സ്ഥിരം സമിതി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് ധനകാര്യ സ്ഥിരം സമിതി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട വരുമാന വർദ്ധനവിന് ആവശ്യമായ വിഷയങ്ങളിൽ പോലും ഗ്രാമപഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് സംഭാവനയായി ലഭിച്ച ആംബുലൻസ് 12/23 മുതൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു.

ബയോഡൈജസ്റ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള ജില്ലയിലെ ആദ്യ പഞ്ചായത്ത് എന്നത് തെക്കുംഭാഗത്തെ മാതൃകാപരമാക്കാവുന്ന നേട്ടമാണ്.

തുമ്പൂർമുഴി പോലുള്ള മാലിന്യ സംസ്ക്കരണ സംവിധാനങ്ങളെ ക്രിയാത്മകമായി പ്രയോജനപ്പെടുത്താനുള്ള നടപടികളുണ്ടാകേണ്ടതാണ്.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ നിർവഹിക്കുന്നതിനുമായി അഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	11.04.2017 മുതൽ 24.04.2017 വരെ	2012-13 മുതൽ 2016-17 വരെ	17.06.2017
പെർഫോർമൻസ് ഓഡിറ്റ്	17.08.2022	04/2022 മുതൽ 06/2022 വരെ	22.08.2022

1-11 പ്രാഥമിക മേഖലയിലെ കെട്ടിടങ്ങളെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10% നികുതി ഇളവ് അനുവദിച്ചു.

വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട സഞ്ചയ ഫോറം 6 രേഖകളും, സൈറ്റ് പ്ലാൻ എന്നിവ പരിശോധിച്ചതിൽ 5 മീറ്ററിൽ കൂടുതൽ വഴി സൌകര്യമുള്ള പ്രാഥമിക മേഖലയിലെ കെട്ടിടങ്ങളെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10% നികുതി ഇളവ് നൽകി. വിശദാംശം ചുവടെ ചേർക്കുന്നു.

വാർഡ്/ കെട്ടിട നമ്പർ	ഉടമയുടെ പേര്	വിസ്തീർണ്ണം ച.മിറ്റർ	ഉപയോഗക്രമം	നിരക്ക് (ച.മീറ്റർ)	റോഡ് (5മീറ്ററിൽ കൂടുതൽ)	നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി	ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10 ശതമാനം ഇളവ് നൽകിയതിനാൽ വസ്തു നികുതിയിൽ കുറവുണ്ടായ തുക
5/578	അനുരാജ് എം.	189.98	പാർപ്പിടം	8	തേരുവിള-പിള്ളമുക്ക് റോഡ്	1519.84	151.98
5/579	വർഷ	20.25	വാണിജ്യം	40	തേരുവിള-പിള്ളമുക്ക് റോഡ്	810	81
7/467	പൊന്നൻപിള്ള	182.28	പാർപ്പിടം	8	തേരുവിള-പിള്ളമുക്ക് റോഡ്	1458.24	145.82
10/505	പി.എസ്.ഷിബു/ മഞ്ജു ഷിബു	338.69	പാർപ്പിടം	9	തണ്ടാളത്ത്ജംഗ്ഷൻ-ഗൂഹാനന്ദപുരം	3048.21	304.821
5/574	സബിത.പി ശിവൻ	124.26	പാർപ്പിടം	8	തേരുവിള-പിള്ളമുക്ക് റോഡ്	994.08	99.40

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻകയറിയുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ

കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ചതിന്റെയും, ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും കുടിശ്ശിക ഡിമാന്റ് ചെയ്തതിന്റെയും രേഖകൾ ഹാജരാക്കിയിട്ടുണ്ട്. തുക ഈടാക്കിയതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

എൻകെയറി നം.13/11.12.24

1-12 വസ്തു നികുതി തെറ്റായി നിർണ്ണയിച്ചു

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട് സഞ്ചയ ഫോറം 6, സൈറ്റ് പ്ലാൻ എന്നിവ പരിശോധിച്ചതിൽ 5 മീറ്ററിലധികം റോഡിന് വീതിയുള്ള പ്രാഥമിക മേഖലയിലെ കെട്ടിടങ്ങളെ 1.5 മീറ്ററിലധികം വീതിയുള്ള ദ്വിതീയ മേഖലയിലെ കെട്ടിടങ്ങളായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ച് 30%നികുതി ഇളവ് നൽകി(10% ഇളവ് അനുവദിച്ചു, 20% വർദ്ധനവ് ഈടാക്കിയില്ല) വിശദാംശം ചുവടെ ചേർക്കുന്നു

വാർഡ്/ കെട്ടിട നമ്പർ	ഉടമയുടെ പേര്	വിസ്തീർണ്ണം (ച.മീറ്റർ)	ഉപയോഗക്രമം	നിരക്ക് (ച.മീറ്റർ) ₹	റോഡ് (5മീറ്ററിൽ കൂടുതൽ)	നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി ₹	ദ്വിതീയമേഖലയിൽ ഉൾപ്പെടുത്തി 10 ശതമാനം ഇളവ് നൽകിയതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക₹	വഴിസൌകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20ശതമാനം വർദ്ധനവ് ഏടുക്കാഞ്ഞതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക₹	ആകെ ₹
4/634	മഹേഷ്ബാബു	159.99	പാർപ്പിടം	8/-	തേരുവിള-പിള്ളമുക്ക് റോഡ്	1279.92/-	127.99/-	255.98/-	383.97/-
10/503	പ്രദീപ്.പി	166.6	പാർപ്പിടം	8/-	തണ്ടളത്ത്മുക്ക് ഗുഹാനന്ദപുരം റോഡ്	1332.8/-	133.28/-	266.56/-	399.84/-
10/507	റോയി പീറ്റർ	244.98	പാർപ്പിടം	8	തണ്ടളത്ത്മുക്ക് ഗുഹാനന്ദപുരം റോഡ്	1959.84/-	195.98/-	391.9/-	587.88/-

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻകെയറിയുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ചതിന്റെയും, ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും കുടിശ്ശിക ഡിമാന്റ് ചെയ്തതിന്റെയും രേഖകൾ ഹാജരാക്കിയിട്ടുണ്ട്. തുക ഈടാക്കിയതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

എൻകെയറി നം.13/12.12.24

1-13 വസ്തുനികുതി പരിഷ്ക്കരണം പുരോഗതി സംബന്ധിച്ച്

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ ഫീൽഡ് പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ, അസസ്സ്മെന്റ് രജിസ്റ്ററിലുള്ളതിനേക്കാൾ വിസ്തീർണത്തിൽ വ്യത്യാസമുള്ള കെട്ടിടങ്ങൾ, ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, വഴിസൌകര്യത്തിൽ വന്ന വ്യത്യാസങ്ങൾ എന്നിവ കണ്ടെത്തേണ്ടതും, അത്തരം മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർ നിർണ്ണയിക്കേണ്ടതുമാണ്. ഫീൽഡ് തല പരിശോധനയ്ക്കായി 6 ഫീൽഡ് സർവ്വേയർമാരെ നിയോഗിച്ചിട്ടുണ്ട്. ഫീൽഡ് പരിശോധന നടത്തി 5323 കെട്ടിടങ്ങളുടെ വിവരശേഖരണം പൂർത്തീകരിച്ചിട്ടുണ്ട്. സോഫ്റ്റ്വെയർ അപ്ഡേഷൻ ഇതുവരെ ആരംഭിച്ചിട്ടില്ല. പഞ്ചായത്തിൽ 9B ഫോറത്തിൽ ആകെ 24 അപേക്ഷകൾ ലഭ്യമായിട്ടുണ്ടെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടില്ല. മുഴുവൻ വാർഡുകളിലും ഫീൽഡ് പരിശോധന നടത്തി സമയബന്ധിതമായി നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻകെയറി നം.6/10.12.24

1-14 വാടക കുടിശ്ശിക നിലനിൽക്കുന്നു

വാടക രജിസ്റ്റർ പരിശോധിച്ചതിൽ നടയ്ക്കാവ് മാർക്കറ്റിലെ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ സർവ്വീസ് സഹകരണ ബാങ്കിനു വാടകയ്ക്കു നൽകിയിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങളുടെ തൻവർഷത്തെ 6 മാസത്തെ വാടക ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	കടമുറി നം	മാസവാടക(₹)	കുടിശ്ശിക(ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ)(₹)
1	TP VI/2	1000/-	6000/-+GST
	TP VI/3	4600/-	27600+GST
	TP VI/8	1800/-	10800+GST
	TP VI/9	1800/-	10800+GST
	TP VI/10	2800/-	16800+GST
		ആകെ	72000+GST

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻകൗയറിയ്ക്ക് കടമുറികൾ ലേലം ചെയ്തു നൽകിയെങ്കിലും 15 വർഷത്തേക്ക് കരാർ ഉടമ്പടി ഉണ്ടാകണമെന്ന് ബാങ്ക് ആവശ്യപ്പെട്ടു, നിലവിലുള്ള ബൈലോ പ്രകാരം പരമാവധി 3 വർഷത്തേക്ക് മാത്രമേ കരാറിലേർപ്പെടുന്നതിനു കഴിയുമായിരുന്നുള്ളു. ആയതിനു ബാങ്ക് തയ്യാറാകാത്ത സാഹചര്യത്തിൽ സർക്കാർ അനുമതി ലഭ്യമാകുന്നതിനു കത്തു നൽകുകയും, അനുമതി വൈകിയതിൻ പ്രകാരം മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാടകയിൽ 5% വാർഷിക വർദ്ധനവ് വരുത്തി 01.10.2022 മുതൽ 31.09.2037 വരെയുള്ള 15 വർഷക്കാലത്തേക്ക്(പഞ്ചായത്ത് കമ്മിറ്റിയുടെ 15.11.2022 ലെ 4(1) തീരുമാന പ്രകാരം വാടക കരാർ രജിസ്റ്റർ ചെയ്യുന്നതിന് അനുവദിച്ചു) ബാങ്കുമായി 2023 സെപ്റ്റംബറിൽ എഗ്രിമെന്റ് വയ്ക്കുകയും 2023 ഒക്ടോബർ മുതൽ വാടക ഈടാക്കുകയും ചെയ്തിട്ടുണ്ടെന്ന മറുപടി നൽകി. മു ൻ വർഷ റിപ്പോർട്ടിലും ഇതു സംബന്ധിച്ച് പരാമർശം നിലനിൽക്കുന്നു (2022-23 ഖ.1-13). മുൻ വർഷങ്ങളിലേതടക്കമുള്ള വാടക കുടിശ്ശിക ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻകൗയറി നം. – 07/10.12.2024

1-15 തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ റേഷൻ വ്യാപാരികൾ, ഗ്രാമപഞ്ചായത്തിലെ കരാർ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, എന്നിവരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കൂടാതെ റേഷൻ കടകളൊന്നും തന്നെ തൻവർഷം ലൈസൻസും എടുത്തിട്ടില്ല. ബന്ധപ്പെട്ട വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻകൗയറിയ്ക്ക് മേൽപ്പറഞ്ഞ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി, റേഷൻ കടകളുടെ ലൈസൻസ് ഫീസ് എന്നിവ ഡിമാൻറ് ചെയ്തു ഈടാക്കുന്നതാണെന്നും മറുപടി നൽകി. മറുപടി പ്രകാരം നടപടി സ്വീകരിച്ച് തുക ഈടാക്കി രേഖകൾ ഹീജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻകൗയറി നം 07/10.12.24.

1-16 സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി വാടകയിൽ ഇളവ് നൽകി

നടയ്ക്കാവ് മാർക്കറ്റിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ ന്യൂബിൽഡിംഗ് റും നമ്പർ 5, 6 എന്നിവ ഡോ.കണ്ണൻ, ഗോകുലം, രാമൻകുളങ്ങര എന്ന വ്യക്തിയ്ക്ക് യഥാക്രമം 7293/-രൂപ, 6685/-രൂപ എന്നിങ്ങനെ തൻവർഷം വാടക നിശ്ചയിച്ചു നൽകിയിട്ടുണ്ട്. റൂം നമ്പർ 5 ന്റെ ഏപ്രിൽ മാസ വാടകയിൽ നിന്നും 4414/- രൂപയും റൂം നമ്പർ 6 ന്റെ ഇതേ മാസത്തെ വാടകയിൽ നിന്നും 4045/-രൂപയും കോവിഡ് അഡ്ജസ്റ്റ്മെന്റ് എന്ന രീതിയിൽ കുറവു വരുത്തി യഥാക്രമം 2879/-രൂപ, 2640/-രൂപ എന്നീ തുകകളാണ് വാടകയായി ഈടാക്കിയിരിക്കുന്നത്. ബന്ധപ്പെട്ട വിഷയത്തിന് നൽകിയ എൻകൗയറിയ്ക്ക് മറുപടിയായി 06.11.2021 ലെ നമ്പർ 261/എൽ.എസ്.ജി.ഡി. സർക്കാർ ഉത്തരവ് പ്രകാരം വാടകക്കാർക്ക് 6 മാസം വരെ ഇളവ് നൽകാവുന്നതാണെന്നും, നിയമപ്രകാരം ലഭ്യമായ ആനുകൂല്യം ലഭ്യമാകാത്തത് വാടക്കാരൻ ശ്രദ്ധയിൽപ്പെടുത്തിയ സാഹചര്യത്തിൽ ഏപ്രിൽ മാസത്തെ വാടകയിൽ നിന്നും തുക കുറവ് ചെയ്തു തുക അടവാക്കുന്നതിന് അനുമതി നൽകിയതാണെന്ന് മറുപടി നൽകി. തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 29.06.2020ലെ നമ്പർ-1278/2020 സർക്കാർ ഉത്തരവ് പ്രകാരം ലോക്ക്ഡൌൺ കാലയളവിൽ തുറന്നു പ്രവർത്തിക്കാൻ കഴിയാത്ത സ്ഥാപനങ്ങൾക്ക് വാടക ഇളവ് നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും വികസന അതോറിറ്റികളെയും അനുവദിച്ചു കൊണ്ട് നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ആയതിൽ വാടക ഇളവിന് അപേക്ഷിക്കുന്ന വ്യക്തി തന്റെ സ്ഥാപനം കോവിഡ് കാലയളവിൽ പ്രവർത്തിച്ചില്ല എന്ന് സാക്ഷ്യപ്പെടുത്തുന്ന സത്യവാങ്മൂലം സഹിതം അപേക്ഷ സമർപ്പിക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അപേക്ഷയുടെ നിജസ്ഥിതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്ന പക്ഷം മാത്രമേ വാടകയിൽ ഇളവ് അനുവദിക്കാൻ പാടുള്ളു. മുകളിൽ പ്രസ്താവിച്ച നിബന്ധനകൾ പാലിച്ചാണ് മേൽ പ്രകാരം ഇളവ് അനുവദിച്ചത് എന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

എൻകൗയറി നം-07/10.12.24

1-17 ഭവന പുനരുദ്ധാരണം- പണി പൂർത്തീകരിച്ചില്ല

വി.ഇ.ഒ നിർവഹണം നടത്തിയ ഭവന പുനരുദ്ധാരണത്തിന്റെ ആദ്യഗഡു കൈപ്പറ്റിയ ഗുണഭോക്താവ് നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ 87/24 ഭവന പുനരുദ്ധാരണത്തിന്റെ ഗുണഭോക്താവായിരുന്ന ശ്രീമതി രാധാമണി, ശ്രീലക്ഷമി ഭവനം അഡ്വാൻസ് ഗഡു 50,000/-രൂപ കൈപ്പറ്റി(ബിൽ നമ്പർ 12/02-11-23) എങ്കിലും പണി പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയില്ല. ആയതിന് മേൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകൗയറിക്ക് മറുപടിയായി പണി പൂർത്തീകരിക്കുന്നത് സംബന്ധിച്ച് ശ്രീമതി രാധാമണിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, പണി പൂർത്തീകരിപ്പിക്കുകയോ അഡ്വാൻസായി നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകൗയറി നമ്പർ 5/9-12-24

1-18 ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല

പ്രോജക്ട്	ലൈഫ് ഭവനനിർമ്മാണം ജനറൽ (79/24)
അടങ്കൽ	6,90,000/-രൂപ (വികസനഫണ്ട്) 1,00,00,000/-രൂപ (സംസ്ഥാന ഫണ്ട്) 38,30,000/-രൂപ (ബ്ലോക്ക് വിഹിതം) 38,80,000/-രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം)
ചെലവ്	6,90,000/-രൂപ (വികസനഫണ്ട്) 12,40,000/-രൂപ (സംസ്ഥാന ഫണ്ട്) 4,00,000/-രൂപ (ബ്ലോക്ക് വിഹിതം) 11,00,000/-രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം)
നിവഹണോദ്യോഗസ്ഥൻ	വി ഇ ഒ

ലൈഫ് ഭവനനിർമ്മാണത്തിനായി കരാറിൽ എർപ്പെട്ട് ആദ്യഗഡു കൈപ്പറ്റിയ ഗുണഭോക്താവ് നാളിതുവരെ പണി ആരംഭിച്ചിട്ടില്ല. ലൈഫ് ഗുണഭോക്താവായ ശ്രീമതി അജിതകുമാരി, കടത്തൂർ പടിഞ്ഞാറ്റതിൽ എന്ന വ്യക്തിയാണ് 24-03-24 തീയതിയിലെ 24 നമ്പർ ബിൽ പ്രകാരം പിൻവലിച്ച 40,000/-രൂപാ മുൻകൂറായി കൈപ്പറ്റിയിട്ടും, നാളിതുവരെ വീടു പണി ആരംഭിച്ചിട്ടില്ല. ആയതിന്റെ കാരണം വിശദമാക്കുകയും തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടിയായി ശ്രീമതി അജിത കുമാരി അതിദരിദ്രലിസ്റ്റിൽ ഉൾപ്പെട്ട കുടുംബമാണ്, ആയതിനാൽ അവർക്ക് പരസഹായം ഇല്ലാതെ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ കഴിയില്ല. വാർഡ് മെമ്പറുടെ നേതൃത്വത്തിൽ സന്നദ്ധപ്രവർകരുടെ സഹായത്തോടെ വീട് നിർമ്മാണം ആരംഭിച്ച് 2025 മാർച്ച് 31ന് മുൻപായി പൂർത്തീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. വീടു പണി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി 12/11-12-24

1-19 തെരുവുനായ്ക്കളുടെ പേവിഷ പ്രതിരോധ കുത്തിവയ്പ്പ് -ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ -തുക ചെലവഴിച്ചിട്ടില്ല

തെരുവുനായ്ക്കകളുടെ പേവിഷ പ്രതിരോധ കുത്തിവയ്പ്-ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ പദ്ധതി പ്രകാരം 50,000/-രൂപ ജില്ലാ പഞ്ചായത്തിന് നൽകിയെങ്കിലും നാളിതുവരെ തുക ചെലവഴിച്ചിട്ടില്ല. പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട്	തെരുവുനായ്ക്കകളുടെപേവിഷ പ്രതിരോധകുത്തിവയ്പ്- ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ (151/24)
അടങ്കൽ	50,000/-രൂപ
ഫണ്ടിനം	വികസനഫണ്ട് ജനറൽ
ചെലവ്	50,000/-രൂപ
ബിൽ നമ്പർ	22/16-10-23

ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടിയായി ജില്ലാ പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ തെരുവു നായ പേവിഷ പ്രതിരോധം പദ്ധതി ഉൾപ്പെടുത്തിയിരുന്നുവെങ്കിലും 2023-24 വർഷം പദ്ധതി നടപ്പിലാക്കിയിരുന്നില്ല. 2024-25 വർഷം പദ്ധതി നിർവഹണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം നൽകുന്നതാണെന്ന ജില്ലാ പഞ്ചായത്ത് മറുപടി നൽകിയതായി അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 50,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക 50,000/-രൂപ
ഓഡിറ്റ് എൻകയറി നമ്പർ- 21/12-12-24

1-20 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈൻ നീട്ടൽ പദ്ധതി പ്രകാരം കെ.എസ്.ഇ.ബിയ്ക്ക് തുക അടച്ചുവെങ്കിലും നാളിതുവരെ പണി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട്	വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈൻ നീട്ടൽ (51/24)
അടങ്കൽ	4,50,000/-രൂപ
ഫണ്ടിനം	ധനകാര്യകമ്മീഷൻ ഗ്രാന്റ്
ചെലവ്	1,00,000/-രൂപ
ബിൽ നമ്പർ	XVFC/2023-24/P/42/23-03-24

പ്രവൃത്തിയുടെ പൂർത്തീകരണ/വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടിയായി പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 4,37,657/-രൂപ ആണെന്നും ബാക്കി 3,37,657/-രൂപ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആണ് അടവാക്കിയത്. പ്രസ്തുത പദ്ധതി നിലവിൽ പൂർത്തീകരിച്ചിട്ടില്ല. പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ 2023-24 സാമ്പത്തിക വർഷം മേൽ നിക്ഷേപ പ്രവൃത്തിയ്ക്കായി ചെലവഴിച്ച 1,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പണി പൂർത്തീകരിച്ച് പൂർത്തീകരണ/വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാ ക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നമ്പർ 3/09-12-24

തടസ്സപ്പെടുത്തിയ തുക 1,00,000/-രൂപ

1-21 വെള്ളക്കര കുടിശ്ശിക ഗ്രാമപഞ്ചായത്തിന് ബാദ്ധ്യതയാകുന്നു.

പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് കുടിശ്ശികയായി കോടി കണക്കിന് രൂപ നിലനിൽക്കുന്നത് ഗ്രാമപഞ്ചായത്തിന് വലിയ ബാധ്യതയാകുന്നു. നിലവിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ പൊതു ടാപ്പുകളും കട്ട് ചെയ്തുവെങ്കിലും മുൻകാലയളവിലെ കുടിശ്ശികയും ആയതിന്റെ പിഴ ഇനത്തിലും വൻ തുകയാണ് നിലവിലും വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നത്. ആയത് പ്രകാരം 2023-24 ൽ പദ്ധതിയിൽ ഉൾപ്പെടുത്തി 8,27,452/-രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. തുക ഒടുക്കിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി	പൊതു വാട്ടർ ചാർജ് അടവാക്കൽ (9/24)
അടങ്കൽ	15,69,500/-രൂപ CFC
ചെലവ്	8,27,452/-രൂപ
ബിൽ നമ്പർ	XVFC/2023-24/P/56/27-03-24

06-03-24 തീയതിയിലെ 1(9) നമ്പർ തീരുമാനപ്രകാരം വെള്ളക്കര കുടിശ്ശിക കുറവു ചെയ്ത് നൽകണമെന്നാവശ്യപ്പെട്ടു ജലവിഭവ മന്ത്രിക്ക് കത്ത് നൽകി. ഇതിനെ തുടർന്ന് കുടിശ്ശിക തുക ഒറ്റതവണ തീർപ്പാക്കൽ പ്രകാരം 3,88,72,816/-രൂപയായി കുറവു ചെയ്ത് നൽകാമെന്ന് കേരളാ വാട്ടർ അതോറിറ്റി അറിയിച്ചു. 14/07/23 തീയതിയിലെ 8(1) നമ്പർ തീരുമാനപ്രകാരം ഘട്ടം ഘട്ടം ആയി തുക അടയ്ക്കുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് വാട്ടർഅതോറിറ്റിയ്ക്ക് കത്ത് നൽകിയെങ്കിലും നാളിതുവരെ മറുപടി ഒന്നും ലഭ്യമാക്കാത്ത സാഹചര്യത്തിൽ, OTS പ്രകാരം അടക്കേണ്ടിയിരുന്ന 3,88,72,816/-രൂപ കുറച്ചു തരണം എന്നും നാളിതുവരെ കണക്കാക്കിയിട്ടുള്ള പിഴ പലിശ പൂർണ്ണമായും ഒഴിവാക്കണം എന്നും ആവശ്യപ്പെട്ടു കത്തു നൽകി. 12-03-2024 തീയതിയിലെ 83290 നമ്പർ ബിൽ പ്രകാരം അടയ്ക്കാൻ ബാക്കിയുള്ള തുക 6,73,74,615/-രൂപയാണ്. ആയതിന്മേൽ സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടിയായി ഒറ്റ തവണ തീർപ്പാക്കൽ പദ്ധതിയിൽ പങ്കെടുക്കുന്നതിന് താൽപര്യമെങ്കിൽ അപേക്ഷ നൽകണമെന്ന് വാട്ടർ അതോറിറ്റി എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കത്ത് പരിഗണിച്ച് 20-07-24 തീയതിയിലെ യോഗം പരിഗണിച്ച് ബിൽ തുക ക്രമീകരിച്ച് യഥാർത്ഥ വെള്ളക്കരവും കുടിശ്ശികയും വേർതിരിച്ച് നൽകി ഘട്ടങ്ങളായി അടവാക്കുന്നതിന് അനുമതി നൽകണമെന്നും കാണിച്ച് വാട്ടർ അതോറിറ്റിയെ സമീപിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതും, വെള്ളക്കര കുടിശ്ശിക തീർപ്പാക്കാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻകയറി നമ്പർ 4/9-12-24

1-22 സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം- നിലവിൽ സംരംഭം പ്രവർത്തിക്കുന്നില്ല.

സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം - നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്നില്ല.

പ്രോജക്ട്	സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം (പ്രോജക്ട് നമ്പർ 111/24)
അടങ്കൽ	1,80,000/-രൂപ
ഫണ്ടിനം	വികസന ഫണ്ട്
ചെലവ്	1,80,000/-രൂപ

സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം(പ്രോജക്ട് നമ്പർ 111/24) ആയി ആനുകൂല്യം കൈപ്പറ്റിയ ശ്രീമതി അഖിത.കെ.ബി (60,000/-രൂപാ, ബിൽ നമ്പർ 26/27-3-24) കാലിത്തീറ്റ വ്യാപാരം എന്ന പേരിൽ ആരംഭിച്ച സംരംഭം (മദേഴ്സ് ഫീഡ്സ് ഫാർമ) എന്ന സ്ഥാപനം 12-12-24 തീയതിയിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ നിലവിൽ പ്രവർത്തിക്കുന്നില്ല. കടമുറി പൂട്ടിയിട്ട നിലയിൽ കാണപ്പെട്ടു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടിയായി ഓഡിറ്റ് എൻകയറിയെ തുടർന്ന് സ്ഥലപരിശോധന നടത്തി എന്നും, സംരംഭം തുടങ്ങിയ സമയത്ത് കാലിത്തീറ്റ കടമുറിയിൽ ശേഖരിച്ച് വയ്ക്കുകയും അവിടുന്ന് ഓർഡർ അനുസരിച്ച് കർഷകർക്കും സ്ഥാപനങ്ങൾക്കും എത്തിച്ചുകൊടുക്കുകയും

ആണ് ചെയ്തിരുന്നത്. എന്നാൽ കടവാടക സംബന്ധിച്ച പ്രശ്നം മൂലം കാലിത്തീറ്റ ശേഖരണം വീട്ടിലേക്ക് മാറ്റി പ്രവർത്തനം നടന്നു വരുന്നുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും ഈ സംരംഭത്തിന്റെ തുടർ പ്രവർത്തനം വിലയിരുത്തുകയും എതെങ്കിലും ഘട്ടത്തിൽ സംരംഭം പ്രവർത്തനം നടക്കുന്നില്ല എന്നറിഞ്ഞാൽ 11/11/2023 തീയതിയിലെ കരാറിന്റെ അടിസ്ഥാനത്തിൽ നൽകിയ തുക, പലിശ സഹിതം തിരിച്ചടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ നിരീക്ഷിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഓഡിറ്റ് എൻകയറി നമ്പർ 16/12-12-24

1-23 മഴക്കാലപൂർവശുചീകരണം-തുക തിരിച്ചടവാക്കിയില്ല

2023-24 വർഷം മഴക്കാലപൂർവശുചീകരണം പദ്ധതിയുടെ ഭാഗമായി ശുചിത്വമിഷൻ ഫണ്ട്, തനത് ഫണ്ട് തുകകൾ 20,000/-രൂപ വീതം 13 വാർഡുകളിലേക്ക് നൽകിയിട്ടുണ്ട്. (വൌച്ചർ നം-22300059 DTD 18/4/23 ചെക്ക് നം-27251 DTD 24-04-23 , വൌച്ചർ നം-22300223 DTD 12/6/23 ചെക്ക് നം-958507 DTD 17/05/23) . വാർഡ് നം -8 ന് അനുവദിച്ച 20,000/-രൂപയിൽ, 17,000/-രൂപ ചെലവഴിച്ചതിന്റെ വൌച്ചറുകളാണ് ലഭ്യമാക്കിയത്. ബാക്കി തുക 3,000/-രൂപ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻകയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ബന്ധപ്പെട്ട അക്കൌണ്ടിൽ തിരിച്ചടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. തുക തിരിച്ചടയ്ക്കുന്നത് വരെ 3,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

എൻകയറി നം-18/12-12-24

തടസ്സപ്പെടുത്തിയ തുക-3000/-രൂപ

1-24 സ്വകാര്യവ്യക്തികളുടെ പറമ്പിലെ മരംമുറിച്ച് മാറ്റൽ- തുക ഈടാക്കിയില്ല

2023-24 വർഷം താഴെപ്പറയുന്ന വ്യക്തികളുടെ സ്വകാര്യ വസ്തുവിൽ നിന്ന മരങ്ങൾ തനതുഫണ്ടിൽ നിന്ന് തുക ചെലവഴിച്ച് മുറിച്ച് മാറ്റിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	വ്യക്തിയുടെ പേര്	വൌച്ചർ നം/ചെക്ക്നം	തുക	റിമാർക്സ്
1	ശ്രീ.വിജയൻ വിജയമ്മവിലാസം	22300682dtd30-11-23/ 95870dtd4-11-23	3000/-	
2	ശ്രീ.ദീപു വലിയകാട്ടിൽ വിള	22300675 Dtd 29-11--23 958570 Dtd 4/11/23	15000/-	6000/- രൂപ രണ്ട് ഘട്ടങ്ങളിലായി ഒടുക്കി ബാലൻസ് തുക-9000/-രൂപ
3	ശ്രീ.ബെന്നി ഡാമിയേൽ (9ാം വാർഡ്)	22300139 Dtd 18-5-23 27255 Dtd 29-4-23	6000/-	തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കി
4	ശ്രീ.മോസസ്സ് 8-ാം വാർഡ്	22300140 Dtd 18-5-23 27255 Dtd 29/04/23	4000/-	തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കി
5	ശ്രീ.രാധാകൃഷ്ണൻ	22300440 Dtd 26/8/23 32510 Dtd 23-8-23	13000/-	തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കി

മുകളിൽ പരാമർശിച്ച വ്യക്തികളിൽ നിന്ന് തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻകയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ള വിവരം റിമാർക്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തിരികെ ഈടാക്കാൻ അവശേഷിക്കുന്ന തുക തനതുഫണ്ടിൽ ഒടുക്കുവരുത്തുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 35000/-രൂപ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക-35000/-രൂപ.

എൻകയറി നം-10/11-12-24

എൻകയറി നം-17/12-12-24

1-25 മരുന്നുകൾ ലഭ്യമായില്ല

നിർവഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി
പദ്ധതി	പാലിയേറ്റീവ് കെയർ എസ്.സി.പി(നം.117/24)
അടങ്കൽ തുക	100000/- രൂപ (വികസനഫണ്ട് എസ് സി പി)
ചെലവ് തുക	86118/-രൂപ, (ബിൽ നം- 36 / 14/12/23)

2023-24 വർഷം മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പദ്ധതിയാണ് മരുന്നു വാങ്ങൽ. PRF INVOICE NO-PRF 2332 DTD 27/11/23 പ്രകാരം ജി.എസ്.ടി ഉൾപ്പെടെ 56,000/-രൂപ KMSCLന് നൽകി. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻകയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഹാജരാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 56,000/-രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻകയറി നം-8/11.12.24

തടസ്സപ്പെടുത്തുന്ന തുക-56000/-രൂപ

1-26 ജീവനം പദ്ധതി-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി
പദ്ധതി	ഡയാലിസിസ് നടത്തിപ്പ്(നം.99/24)
അടങ്കൽ തുക	50,000/-രൂപ, (വികസനഫണ്ട്) 1,00,000/-രൂപ (CFC ഫണ്ട്)
ചെലവ് തുക	1,50,000/-രൂപ (ബിൽ നം.288/16.1.24-1,00,000/-രൂപ ബിൽ നം.26/10.11.23-50,000/-രൂപ)

സെക്രട്ടറി ജില്ലാപഞ്ചായത്തിന് ജീവനം പദ്ധതിക്കായി 19-10-23-ൽ 50,000/-രൂപയും 16-01-24 ൽ 1,00,000/-രൂപയും നൽകി. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുവാനായി നൽകിയ എൻകവയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 1,50,000/-രൂപ തടസ്സപ്പെടുത്തുന്നു.

എൻകവയറി നം-8/11-12-24

തടസ്സപ്പെടുത്തിയ തുക-150000/-രൂപ

1-27 എസ്.സി.പി പാലിയേറ്റീവ് പദ്ധതി-നടപടിക്രമങ്ങൾ സുതാര്യമാക്കണം

നിർവഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി
പദ്ധതി	പാലിയേറ്റീവ് കെയർ എസ്.സി.പി (നം.117/24)
അടങ്കൽ തുക	100000/-രൂപ (വികസനഫണ്ട് എസ് സി പി)
ചെലവ് തുക	86,118/-രൂപ

2023-24 വർഷം മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പദ്ധതിയിൽ എസ്.സി.പി ഫണ്ട് വകയിരുത്തി 16,000/-രൂപ ഡ്രൈവറുടെ വാടകയിനത്തിൽ നൽകിയിട്ടുണ്ട്. 11/23 ൽ ഹോംകെയറിന് വണ്ടി വാടക ഇനത്തിലാണ് വേതനം നൽകിയത്. പ്രസ്തുത ദിവസത്തെ ഹോംകെയർ രജിസ്റ്റർ പരിശോധിച്ചതിൽ എസ്.സി ഗുണഭോക്താക്കൾക്കാണ് പരിചരണം നൽകിയെന്നുള്ളതിന്റെ വിശദാംശം ഉൾപ്പെടുത്തിയില്ല. വിശദവിവരങ്ങൾ ആരാഞ്ഞു നൽകിയ എൻകവയറിക്ക് പാലിയേറ്റീവ് കെയർ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഹാജരാക്കിയിട്ടുണ്ട്. എസ്.സി.പി ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഫണ്ടിന്റെ ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കാൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും രേഖകൾ കൃത്യമായി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

എൻകവയറി നം-8/11-12-24

1-28 യു പി എസ്,എൽ പി എസ് അനുബന്ധ ചെലവ് - സർക്കാർ ഉത്തരവിന് വിരുദ്ധമായി മുൻകൂർ തുക മാറി നൽകുന്നു

യു.പി.എസ്, എൽ.പി.എസ് അനുബന്ധ ചെലവ്-സർക്കാർ ഉത്തരവിന് വിരുദ്ധമായി അനുബന്ധ ചെലവുകൾക്കായി മുൻകൂർ തുക മാറി വിവിധ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത് ചെലവിന് ആനുപാതികമായി മുൻകൂർ തുക ക്രമീകരിക്കുന്നു.

നിർവഹണോദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ
പദ്ധതി, നം	യു പി എസ്,എൽ പി എസ് അനുബന്ധ ചെലവ്(നം.61/24)
അടങ്കൽ തുക	178000/- രൂപ (റോഡിതരം ഫണ്ട്) 7000/- രൂപ (വികസന ഫണ്ട്)
ചെലവ് തുക	178000/- രൂപ (റോഡിതരം ഫണ്ട്) 70000/- രൂപ (വികസന ഫണ്ട്)

യു.പി.എസ്, എൽ.പി.എസ് അനുബന്ധ ചെലവ് പദ്ധതിയുടെ ഭാഗമായി തുക വിവിധ സ്ഥാപനങ്ങളിൽ മുൻകൂറായി നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വെള്ളക്കരം	വാട്ടർ അതോറിറ്റിയിൽ	15000/-രൂപ (ബിൽ നം.1/15.6.23)
വൈദ്യുതി ചാർജ്ജ്	KSEB	125000/-രൂപ (ബിൽ നം.5/18.12.23)
ടെലഫോൺ ചാർജ്ജ്	BSNL	20000/-രൂപ (ബിൽ നം.2/23.6.23)

യു.പി.എസ്, എൽ.പി.എസ് അനുബന്ധ ചെലവ് പദ്ധതിയുടെ ഭാഗമായി ടെലഫോൺ ബിൽ ഇനത്തിൽ 20,000/-രൂപ(ബിൽ നം.2/23.6.23) ബി.എസ്.എൻ.എൽ, വെള്ളയിട്ടമ്പലത്തിന്റെ അക്കൗണ്ടിലേയ്ക്ക് മുൻകൂറായി നൽകി. യു.പി.എസ്, എൽ.പി.എസിന്റെ ടെലഫോൺ ബിൽ ചെലവിനത്തിലുള്ള ചുവടെ ചേർക്കുന്ന ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.

ടെലഫോൺ ബിൽ വിവരം ഗവ.യു പി എസ്	ടെലഫോൺ ബിൽ വിവരം ഗവ.എൽ പി എസ്
3/23-365/-രൂപ	5/23-2729/- രൂപ
4/23-1222/-രൂപ	7/23-2387/-രൂപ
6/23-493/-രൂപ	8/23-117/-രൂപ
7/23-326/-രൂപ	9/23-117/- രൂപ

8/23-481/-രൂപ	11/23-117/-രൂപ
9/23-481/-രൂപ	12/23-117/- രൂപ
10/23-481/-രൂപ	
11/23-481/-രൂപ	
12/23-481/-രൂപ	
1/24-264/-രൂപ	
2/24-235/-രൂപ	
3/24-2005/-രൂപ	
ആകെ-7315/-രൂപ	ആകെ-5584/-രൂപ

രണ്ട് സ്കൂളിലും കൂടി ആകെ ചെലവായ തുക=12899/-രൂപ.
20,000/-രൂപയിൽ, 12,899/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി. 7,101/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. കൂടാതെ തുക മുൻകൂറായി വിവിധ സ്ഥാപനങ്ങളിൽ ഒടുക്കു വരുത്തുവാനുണ്ടായ സാഹചര്യവും കൂടി വിശദമാക്കുവാനായി നൽകിയ ഓഡിറ്റ് എൻകയറിയെ തുടർന്ന് ടെലഫോൺ ബിൽ ചെലവ് തുക ക്രമീകരിച്ചതിന് ശേഷം BSNL ൽ നിലനിന്നിരുന്ന 7,101/-രൂപ രസീത് നം.1240101841/10.12.24 പ്രകാരം തനത് ഫണ്ടിൽ ഒടുക്കു വരുത്തുകയുണ്ടായി. തനത് ഫണ്ടിൽ ഒടുക്കിയ തുകയായ 7,101-രൂപ സർക്കാരിലേയ്ക്ക് ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.
ജി.ഒ (പി) നം.177/2006/ഫിൻ തീയതി 12.4.2006 നം മുൻകൂർ പിൻവലിക്കൽ നിബന്ധനകൾ ഉത്തരവ് പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക പിൻവലിക്കാൻ പാടില്ല എന്ന നിബന്ധന പാലിക്കാതെയാണ് അനുബന്ധചെലവുകൾക്കായി മുൻകൂർ തുക മാറി വിവിധ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത് ചെലവിന് ആനുപാതികമായി മുൻകൂർ തുക ക്രമീകരിക്കുകയാണുണ്ടായത്. ഈ രീതി അവലംബിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരത്തിലുള്ള നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.
ഓഡിറ്റ് എൻകയറി നം.1/9.12.24

1-29 നടയ്ക്കാവ് മാർക്കറ്റിൽ തുമ്പൂർമുഴി- പ്രവർത്തനം ആരംഭിച്ചില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി 2022-23 ൽ തുടങ്ങി 2023-24 വർഷം നടപ്പിലാക്കിയ നടയ്ക്കാവ് മാർക്കറ്റിൽ തുമ്പൂർമുഴി ക്രിയാത്മകമായ രീതിയിൽ പ്രവത്തനമാരംഭിക്കുകയോ, പദ്ധതി ലക്ഷ്യം കൈവരിക്കുകയോ ചെയ്തിട്ടില്ല. നടയ്ക്കാവ് മാർക്കറ്റിനുള്ളിലാണ് തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്ക്കരണ സംവിധാനം സ്ഥാപിച്ചിട്ടുള്ളത്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ പേര്/നം.	അടങ്കൽ തുക(രൂപ) 2023-24 വർഷത്തെ	ആകെ ചെലവ് തുക(രൂപ)	കരാറുകാരന്റെ പേര്	പദ്ധതി പൂർത്തിയാക്കിയ തീയതി
നടയ്ക്കാവ് മാർക്കറ്റിൽ തുമ്പൂർമുഴി SO(നം. 181/24)	2,69,134/-(CFC ഫണ്ട്) 50,866/- (കേന്ദ്രാവിഷ്കൃത ഫണ്ട്)	3,67,339/- രൂപ (80,000/-രൂപ-23.3.23 50866-958582/22.11.23 1,34,567/--2024-25 1,01,906/-രൂപതുക നല്കിയിട്ടില്ല)	Socio Economic Foundation	31.07.2023

തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റിംഗ് സംവിധാനം നിർമ്മിച്ചുവെങ്കിലും നാളിതുവരെ പ്രവർത്തനം ആരംഭിക്കാത്തതിനാൽ പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ കൈവരിച്ചിട്ടില്ല എന്നും, ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നതിന് ഫലപ്രദമായ സംവിധാനം, നിഷ്ക്രിയ ആസ്തിയായി നിലകൊള്ളുന്നുവെന്നും വിലയിരുത്തുന്നു. മാലിന്യ സംസ്ക്കരണ സംവിധാനങ്ങളുടെ തുടർ മോണിറ്ററിംഗ് സംവിധാനം ഉറപ്പാക്കേണ്ടതാണ്. ഭരണ സമിതിയുടെ സജീവ ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.



സ്ഥല പരിശോധന തീയതി-12.12.24

1-30 കാലി ബാരലുകളുടെ വില ഈടാക്കതെ കരാറുകാരന് തുക അനുവദിച്ചു--ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക ഒടുക്കി

ബിറ്റുമിൻ ഉപയോഗിച്ചിട്ടുള്ള റോഡ് പ്രവൃത്തികളിൽ, എസ്റ്റിമേറ്റിൽ 'പാക്ഡ് ബിറ്റുമിൻ' റേറ്റ് അനുവദിച്ചു നൽകിയതിനാൽ പ്രവൃത്തിയുടെ അവസാന ബിൽ തുകയിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കി മാത്രമേ കരാറുകാരന് തുക അനുവദിക്കാൻ പാടുള്ളു. തൻ വർഷത്തിൽ അന്തിമ ബില്ല് മാറിനൽകിയ താഴെ രേഖപ്പെടുത്തിയ പ്രോജക്ടിൽ നിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല.

പ്രോജക്ട്	ഉദയാദിത്യപുരം ക്ഷേത്രം ദേശാഭിമാനി വായനശാല റോഡ് നവീകരണം (128/24)
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി. എഞ്ചിനീയർ
അടങ്കൽ തുക	2,90,151/-രൂപ (വികസന ഫണ്ട്) 1,38,661/-രൂപ (തനത് ഫണ്ട്) 6,60,422/-രൂപ (മെയിന്റനൻസ് ഗ്രാന്റ്റോഡ് ഫണ്ട്)
കരാറുകാരൻ	ശ്രീ.ഷെഫീഖ് കെ കെ
കരാർ	18/AE/LSGD/TKBM/2022-23/14.3.23
അന്തിമ ബിൽ തുക	1089073/-രൂപ (1/10.8.23-290151/- 958537/16.8.23-138500/- 2/19.9.23-49500/-രൂപ 4/30.11.23-165422/-)
എസ്റ്റിമേഷൻ പി എ സി	865495/- രൂപ
Accepted PAC	922943/- രൂപ
M Book	25360/22

പ്രവൃത്തിക്കായി ഉപയോഗിച്ച ബിറ്റുമിൻ/എമൽഷൻ എന്നിവയുടെ അളവ് ചുവടെ ചേർക്കുന്നു

ഇനം	പ്രവൃത്തിക്ക് ഉപയോഗിച്ച അളവ് (Kg)	ഒരു ബാരലിലുള്ള അളവ് (Kg)	ബാരലിന്റെ എണ്ണം	ഈടാക്കേണ്ട തുക (281/- രൂപ ജി.എസ്.ടി ഉൾപ്പെടെ)
VG 30	2904	156	18	5058/-
SS1	1122	182	6	1686/-
RS1	363	200	1	281/-
			18	7025/- രൂപ

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് കാലിബാരലുകളുടെ തുകയായ 7,025/-രൂപ രസീത് നം. 1240101866/12.12.24 പ്രകാരം ഒടുക്കു വരുത്തി. ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻകയറി നം – 2/9.12.2024.

1-31 ഹരിതകർമ്മസേന പ്രവർത്തനാവലോകനം

ഹരിതകർമ്മസേന പ്രവർത്തനാവലോകനം

അടിസ്ഥാനവിവരങ്ങൾ

ഗ്രാമപഞ്ചായത്തിൽ 13 വാർഡുകളിലായി 4994 കുടുംബങ്ങളും 286 സ്ഥാപനങ്ങളുമുണ്ട്. ഗ്രാമപഞ്ചായത്തിൽ നിലവിൽ 26 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേനയാണുള്ളത്.

മാലിന്യശേഖരണകാര്യക്ഷമത

എല്ലാ മാസവും 01 മുതൽ 10 വരെയുള്ള തീയതികളിൽ അജൈവ മാലിന്യങ്ങൾ ശേഖരിക്കാൻ മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള കലണ്ടർ പ്രകാരം പ്രവർത്തനം നടത്തുന്നു. ക്യൂ.ആർ. കോഡ് പതിച്ച് 'ഹരിതമിത്രം' ആപ്പിൽ ഉൾപ്പെടുത്തിയതുവഴി 100% ഭവനങ്ങളും പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. 80 % യൂസർഫീ ആണ് നിലവിൽ ലഭ്യമാകുന്നത്. **മാലിന്യവേർതിരിവ്**

ശേഖരിക്കുന്ന മാലിന്യങ്ങൾ എം.സി.എഫിൽ വെച്ച് വേർതിരിച്ച് ക്രമീകരിക്കുന്നു. തരംതിരിച്ച അജൈവ മാലിന്യങ്ങളും ലെഗസി മാലിന്യങ്ങളും "ക്ലീൻ കേരള "എന്ന സ്ഥാപനത്തിനാണ് കൈമാറുന്നത്.

റീസൈക്ലിംഗ്

മാലിന്യങ്ങളിൽ നിന്നും പുനരുപയോഗ സാധ്യതയുള്ളവ കണ്ടെത്തി ഉപയുക്തമാക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിൽ ഇല്ല.

കമ്മ്യൂണിറ്റിഎൻഗേജ്മെന്റ്

കുടുംബശ്രീ, കില എന്നിവയുടെ ആഭിമുഖ്യത്തിൽ നിരവധി തവണ കാര്യശേഷി വികസന ബോധവൽക്കരണ ക്ലാസ്സുകൾ നൽകിയിട്ടുണ്ട്. അജൈവമാലിന്യ ശേഖരണത്തിന്റെ ഡിജിറ്റൽ മോണിട്ടറിംഗ് ആപ്പ് ആയ ഹരിതമിത്രം ആപ്പ് സംബന്ധിച്ചും പരിശീലനം എല്ലാ ഹരിതകർമ്മസേനാംഗങ്ങൾക്കും നൽകിയിട്ടുണ്ട്.

തൊഴിൽസൃഷ്ടിക്കൽ

ഗ്രാമപഞ്ചായത്തിൽ നിലവിൽ 26 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേന പ്രവർത്തിക്കുന്നു. യൂസർഫീ

ഇനത്തിലും, അജൈവ മാലിന്യങ്ങൾ തരംതിരിച്ച് കൈമാറുന്നതിലൂടെയും ലഭ്യമാകുന്ന തുകകളാണ് ഹരിതകർമ്മസേനയുടെ വരുമാനം. വരവു തുകകൾ നിക്ഷേപിക്കുന്നതിന് കൺസോർഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ ബാങ്ക് ഓഫ് ഇന്ത്യയുടെ പന്മന ശാഖയിൽ അക്കൗണ്ട് (847210110018324) ആരംഭിച്ചിട്ടുണ്ട്. നിക്ഷേപിക്കപ്പെടുന്ന തുകയിൽ 10% അക്കൗണ്ടിൽ നിലനിർത്തിയ ശേഷമുള്ള തുക പ്രതിമാസം, ഓരോ അംഗത്തിനും അയാളുടെ കളക്ഷന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട് വഴി വിതരണം നടത്തുന്നു. ഹരിത കർമ്മസേനാംഗങ്ങൾക്ക് പ്രതിമാസം 10000/-രൂപ ശരാശരി വേതനമായി ലഭിക്കുന്നുണ്ട്. കൺസോർഷ്യം അക്കൗണ്ടിൽ ശേഷിക്കുന്ന തുകയുടെ ഒരു വിഹിതം എല്ലാവർഷവും ഓണത്തോടനുബന്ധിച്ച് ബോണസ് ഇനത്തിൽ, ഹരിതകർമ്മസേനാംഗങ്ങൾക്ക് വീതിച്ചു നൽകുന്നു. വയബലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വന്നിട്ടില്ല.

അടിസ്ഥാനസൗകര്യവികസനം

ഗ്രാമപഞ്ചായത്തിൽ ഒരു എം.സി.എഫും 23 മിനി എം.സി.എഫുകളുമാണ് ഉള്ളത്. മാലിന്യ നീക്കത്തിന് നിലവിൽ സ്പോൺസർഷിപ്പിലൂടെ ലഭിച്ച വാഹനം ആണ് ഉപയോഗിക്കുന്നത്. എംസിഎഫിൽ വേയിംഗ് മെഷീൻ, ബെയ്ലിംഗ് മെഷീൻ എന്നിവ ഉണ്ട്.

പാരിസ്ഥിതിക ആഘാതം- കൈക്കൊണ്ട നടപടികൾ

നിലവിൽ സംവിധാനങ്ങൾ ഒന്നും തന്നെയില്ല.

പരിശീലനവും വികസനവും

ഹരിത സഹായ സ്ഥാപനമായ ഐ.ആർ.ടി.സി. യുടെ നേതൃത്വത്തിൽ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ട പരിശീലനം നൽകിയിരുന്നു. നിലവിൽ ഐ.ആർ.ടി.സി. യുമായി കരാർ ഇല്ല.

നിയമങ്ങൾപാലിക്കൽ

മാലിന്യ സംസ്കരണനിയമങ്ങളും ഹരിതചട്ടങ്ങളും പാലിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ വാർഡുകളിലും ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഗ്രാമസഭകളിലും പഞ്ചായത്ത് തലത്തിൽ ജനങ്ങൾ കൂടുന്ന എല്ലാ കൂട്ടായ്മകളിലും ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനെക്കുറിച്ചും, അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിനെക്കുറിച്ചും അവബോധം നൽകിയിട്ടുണ്ട്. കുട്ടികളുടെ ഹരിതസഭ നടത്തുകയും, അതുവഴി കുട്ടികൾക്കിടയിൽ മാലിന്യ നിർമ്മാർജ്ജനത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

ഹരിത കർമ്മസേനാംഗങ്ങളുടെ പ്രവർത്തനം-ഹരിതകർമ്മസേന വരവ് – ചെലവ് : 2023-24

ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ്	കൈമാറിയ പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ്	പ്ലാസ്റ്റിക് വിൽപ്പന വരവ് (രൂപ)	യൂസർ ഫീ വരവ് (രൂപ)	ആകെ വരവ് (രൂപ)	ഹരിതകർമ്മ സേനാംഗങ്ങൾക്ക് നൽകിയ വേതനം (രൂപ)
22889.38	10475.38 Kg	1,28,087/-	25,44,607-	26,72,694/-	22,90,147/-

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)

അടിസ്ഥാനവിവരങ്ങൾ

പഞ്ചായത്തിൽ രണ്ട് എം.സി.എഫും 10 മിനി എം.സി.എഫുകളും ഉണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകിയിട്ടുണ്ട്.

മാലിന്യകൈമാറ്റകാര്യക്ഷമത

വീടുകളിൽ നിന്നും സമയബന്ധിതമായി എല്ലാ മാസവും അജൈവ മാലിന്യങ്ങൾ സംഭരിക്കുന്നു. കലണ്ടർ പ്രകാരം മറ്റു വസ്തുക്കളും ശേഖരിക്കുന്നുണ്ട്. ശേഖരിക്കുന്ന മാലിന്യം പൂർണ്ണമായി മിനി എം.സി.എഫുകളിലേയ്ക്കും എം.സി.എഫിലേക്കും മാറ്റുന്നുണ്ട്. എന്നാൽ ക്ലീൻ കേരള കമ്പിനി കൃത്യമായി മാലിന്യം ഏറ്റെടുക്കുന്നില്ല.

മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സ്മാർട്ട് ഗാർബേജ് ആപ്പ്, ഹരിത കാർഡ് എന്നിവ നടപ്പിലാക്കി എല്ലാ ഭവനങ്ങളിൽ നിന്നും യൂസർഫീ കളക്ട് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

1. എല്ലാ വീടുകളിലും സന്നദ്ധസംഘടനകളുടെ സഹായത്തോടെ ബോധവത്കരണ പരിപാടികൾ നടത്താവുന്നതാണ്.
2. ജൈവമാലിന്യങ്ങൾ വളമാക്കി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ നടപ്പാക്കാവുന്നതാണ്.
3. പഞ്ചായത്ത് തലത്തിൽ പരാതി പരിഹാരസെൽ രൂപീകരിക്കാവുന്നതാണ്.
4. പ്ലാസ്റ്റിക് കത്തിക്കുന്നതിന്റെ ദോഷഫലങ്ങളെക്കുറിച്ചും, അവയുടെ വിനിയോഗം കുറയ്ക്കുന്നതിന്റേയും, അവ ശാസ്ത്രീയമായി പുനരുപയോഗത്തിലൂടെ നിർമ്മാർജനം ചെയ്യേണ്ടതിന്റെയും ആവശ്യകതയെപ്പറ്റിയും പൊതുജനാവബോധം വളർത്തുന്നതിന് ആവശ്യമായ നിരന്തര കർമ്മ പരിപാടികൾ കൂടി ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തന കലണ്ടറിൽ ഉൾപ്പെടുത്താവുന്നതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2023-24	10.12.24 &11.12.24	കെ.എസ്.എ.കെ.എൽ.എം.പി2/2238/24 തീയതി-17.12.2024

4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (₹)	പ്രോജക്ടിന്റെ പേര്	ചെലവ് (₹)	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2023-24	6,00,000/-	125/24-ലൈഫ് 2020 ഭവന നിർമ്മാണം(ജനറൽ)	6,00,000/-	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	4,00,000/-	79/24-ലൈഫ്- ഭവന നിർമ്മാണം(ജനറൽ)	4,00,000/-	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	2,50,000/-	30/24അനുപൂരക പോഷകാഹരം	2,50,000/-	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	2,73,129/-	25/24-പാലിന് സബ്സിഡി	2,73,129/-	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	2,00,000/-	45/24- ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്	2,00,000/-	0
ജില്ലാ പഞ്ചായത്ത്	2023-24	93,676/-	25/24-പാലിന് സബ്സിഡി	93,676/-	0
ജില്ലാ പഞ്ചായത്ത്	2023-24	1,10,000/-	45/24- ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്	1,10,000/-	0
ജില്ലാ പഞ്ചായത്ത്	2023-24	41,500/-	30/24-അനുപൂരക പോഷകാഹരം	41,500/-	0
ജില്ലാ പഞ്ചായത്ത്	2023-24	17,20,000/-	125/24-ലൈഫ് 2020 ഭവന നിർമ്മാണം(ജനറൽ)	17,20,000/-	0
ജില്ലാ പഞ്ചായത്ത്	2023-24	11,00,000/-	79/24-ലൈഫ്- ഭവന നിർമ്മാണം(ജനറൽ)	11,00,000/-	
ജില്ലാ പഞ്ചായത്ത്	2023-24	2,40,000/-	24/24-ലൈഫ് (ജനറൽ) ഭൂമി വാങ്ങലും ഭവന നിർമ്മാണവും	2,40,000/-	0

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നം.	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
കെ.എസ്.ഇ.ബി.	51/24-വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ	XVFC/2023-24 /p/42, Dt.23-3-24	1,00,000/-	0	1,00,000/-

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തീയതി	വായ്പ തുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹)	തൻവർഷം തിരിച്ചടച്ച തുക (₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)
				മുതൽ	പലിശ	
ലൈഫ്-ഹഡ്കോ ലോൺ	G.O(P)No.53/21/ LSGD Dt.18.2.21	1,40,46,705 /-	2,55,78,971/-	28,51,665/-	0	3,67,74,011/-

ബാലൻസ് ഷീറ്റ്-B5-ൽ രേഖപ്പെടുത്തിയ തുക-3,67,74,006/-രൂപ (അപാകതയായി ഉൾപ്പെടുത്തിയിട്ടുണ്ട്)

4-6 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	500/-രൂപ
തൻവർഷം നിക്ഷേപിച്ച തുക	0
ആകെ	500/-രൂപ
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	500/-രൂപ

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഭാഗം	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2008-09	2-1	2010-11	2-5	വരുമാനവർദ്ധനവിനുള്ള നടപടികളുടെ അഭാവം	നിയമസഭാ സമിതിയുടെ പരിഗണനയിലാണ്
2019-20	അദ്ധ്യായം 1.2 (2)	2020-21	1-11	ജനറേറ്റർ സ്ഥാപിക്കൽ-ഫൈനൽ ബില്ലും, ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റും ഹാജരാക്കത്തത്	നിയമസഭാ സമിതിയുടെ പരിഗണനയിലാണ്
2019-20	അദ്ധ്യായം 1.2 (2)	2020-21	1.16	ഇൻവർട്ടർ സ്ഥാപിക്കൽ- ഫൈനൽ ബില്ലും, വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കാത്തത്	നിയമസഭാ സമിതിയുടെ പരിഗണനയിലാണ്

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും/ഉദ്യോഗപ്പേരും
1-19	50,000/-	ശ്രീ. പ്രേംശങ്കർ എസ്, സെക്രട്ടറി
1-20	1,00,000/-	ശ്രീ. പ്രേംശങ്കർ എസ്, സെക്രട്ടറി
1-23	3,000/-	ശ്രീ. പ്രേംശങ്കർ എസ്, സെക്രട്ടറി
1-24	35,000/-	ശ്രീ. പ്രേംശങ്കർ എസ്, സെക്രട്ടറി
1-25	56,000/-	ശ്രീ.സാബു വി.എസ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി
1-26	1,50,000/-	ശ്രീ.സാബു വി.എസ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഡി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും, സ്ഥിരം മേൽവിലാസവും

പേരും/ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം)	സ്ഥിരം മേൽവിലാസം
ശ്രീ. പ്രേംശങ്കർ എസ്, സെക്രട്ടറി	സെക്രട്ടറി, ചവറ ബ്ലോക്ക് പഞ്ചായത്ത്	കർണികാരം, കോട്ടൈക്കകം, പെരിനാട്.പി.ഒ, തൃക്കടവൂർ,കൊല്ലം-691601
ഡോ. സാബു വി.എസ്. മെഡിക്കൽ ഓഫീസർ,സി.എച്ച്.സി	മെഡിക്കൽ ഓഫീസർ,സി.എച്ച്.സി തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്	ഗോവിന്ദം, മരിയാപുരം പി.ഒ., വലിയവിള-695122

4-11 തീർപ്പാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2008-2009	കെ.എസ്.എ.-കെ.എൽ.എം.പി2/754/19/07.06.19	2
2009-2010	കെ.എസ്.എ.-കെ.എൽ.എം.പി2/754/19/07.06.19	2
2012-2013	കെ.എസ്.എ.കെ.എൽ.എം.പി.2./അദാലത്ത്/2012-13/ 1490/22 (1) തീ. 20.08.2022	7
2013-2014 & 2014-2015	കെ.എസ്.എ.കെ.എൽ.എം.പി.2./അദാലത്ത്/2013-14 & 2014-15/ 1490/22 (2) തീ. 20.08.2022	4
2015-2016	കെ.എസ്.എ.കെ.എൽ.എം.പി.2./അദാലത്ത്/2015-16/ 1490/22 (3) തീ. 20.08.2022	7
2016-2017	കെ.എസ്.എ.-കെ.എൽ.എം.പി2-1126/18/09.07.18	3
2017-2018	കെ.എസ്.എ-കെ.എൽ.എം/പി 2-1127/2018/18.05.2019	9
2018-2019	കെ.എസ്.എ-കെ.എൽ.എം.പി2./894/2019/14/05/2020	5
2019-20	കെ.എസ്.എ-കെ.എൽ.എം.പി 2./553/2021/26.3.21	11
2020-21	കെ.എസ്.എ-കെ.എൽ.എം. പി 2./554/2021/26.3.21	എല്ലാ ഖണ്ഡികകളും
2021-22	കെ.എസ്.എ-കെ.എൽ.എം. പി 2./2039/2021/27.3.23	എല്ലാ ഖണ്ഡികകളും
2022-23	കെ.എസ്.എ-കെ.എൽ.എം. പി 2./1670/2023,03.11.23	33

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 18-06-2024 and submitted on 21-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Thekkumbhagam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Thekkumbhagam Grama Panchayat as on 31-03-2024

Date: 17/12/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Thekkumbhagam Grama Panchayat for the Year 2023-2024.

1.Major Observations

2.Other Observations

1. The following mandatory financial statements prescribed in accounting rules are not submitted for audit
Ratios, Secretary`s note
2. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3. CFC Tied & Untied Fund balance in AFs do not match with actual fund balance as per Bank statement.
4. Investment details included in the balance sheet- documents were not produced for verification.
5. Beneficiary Contribution closing balance details included in the balance sheet- documents were not produced for verification.
6. Life Loan outstanding balance included in the balance sheet is not agreeing with actual balance.
7. Election Deposit balance amount included in the balance sheet is not agreeing with Deposit register.
8. Property Tax Non Residential demand as per AFS does not match with Sanchaya software.
9. CFC Tied & Untied total Expenditure in the AFS do not match with details as per Sulekha.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം - 3
അനുബന്ധ പത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്